"ഭരണഭാഷ – മാതൃഭാഷ"
കേരളം സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം: 33
ഫോണ് : 0471-2303856, ഇമെയിൽ :cru.dttvpm@kerala.gov.in

നമ്പർ:ഡിറ്റി/2968/2026-എ5 തീയതി: 01-10-2026

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടറേറ്റ് ജീവനക്കാര്യം- പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം - നിയമസഭാ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- തൊഴിലും നൈപുണ്യവും (പി.എസ്) വകുപ്പിൽ നിന്നുള്ള 28-09-2026 ലെ PS/177/2026/തൊഴിൽ നമ്പർ കത്ത്.

12.10.2026 മുതൽ 29.10.2026 വരെ നടക്കുന്ന പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനവുമായി ബന്ധപ്പെട്ട് 14/10/2026, 28/10/2026 എന്നീ തീയതികളിൽ വകുപ്പുമായി ബന്ധപ്പെട്ട് ചോദ്യോത്തര വേള നടക്കുന്നതിനാൽ സർക്കാരിൽ നിന്നും/ നിയസഭ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന നിയമസഭ ചോദ്യങ്ങൾക്ക് കാലതാമസം കൂടാതെ മറുപടി ലഭ്യമാക്കുന്നതിന് അതാത് സ്ഥാപന മേധാവികളും ആസ്ഥാന കാര്യാലയത്തിലെ യൂണിറ്റ് ഓഫീസർമാരും സെക്ഷൻ സൂപ്രണ്ടുമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ആസ്ഥാന കാര്യാലയത്തിലെ അതാതു സെക്ഷനുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നിയമസഭ ചോദ്യങ്ങൾക്ക് മറുപടി സർക്കാരിൽ നൽകി ആയതു സർക്കാരിൽ ലഭിച്ചു എന്നത് ബന്ധപ്പെട്ട സൂപ്രണ്ടുമാർ ഉറപ്പു വരുത്തേണ്ടതാണ്. ടി കാലയളവിൽ യൂണിറ്റ് ആഫീസർമാർ സെക്ഷൻ സുപ്രണ്ടുമാർ/സ്ഥാപന മേധാവികൾ എന്നിവർക്ക് അടിയന്തിര ഘട്ടത്തിൽ മാത്രമേ ലീവ് അനുവദിക്കുകയുള്ളു. നിയമസഭയുടെ പതിനാലാം സമ്മേളനവുമായി ബന്ധപ്പെട്ട് ആസ്ഥാന കാര്യാലയത്തിൽ ടൈപ്പിംഗ് ജോലികൾക്കായി ജീവനക്കാരെ ക്രമീകരിക്കുന്നതിന് ഫെയർ കോപ്പി സൂപ്രണ്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. നിയമസഭ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കി നൽകുന്നതിനുള്ള സമയപരിധി ചുവടെ ചേർക്കുന്നു.

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം | ചോദ്യം ലഭിച്ച ദിവസം തന്നെ മറുപടി നൽകണം. |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം | ഒരു ദിവസം |
| | |



File No. DT/2968/2026-A5 (Computer No. 904216)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 03/10/2026 11:33 AM

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട മിസ്സലേനിയസ് ചോദ്യം | ചോദ്യം ലഭിച്ച ദിവസം തന്നെ മറുപടി നൽകണം |
| മിസ്സലേനിയസ് ചോദ്യം | നാല് ദിവസം |

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്,

1. എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് മുഖേനെ)
2. ആസ്ഥാന കാര്യാലയത്തിലെ എല്ലാ യുണിറ്റ് ഓഫീസർ മാർക്കും, എല്ലാ സെക്ഷൻ സൂപ്രണ്ട് മാർക്കും.

പകർപ്പ് :- **CA to DT/ADT/JD**